# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ -ജയിലാസ്ഥാനകാര്യാലയം-ജീവനക്കാര്യം- ജയിൽ വകുപ്പിൽ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിൽ (ബൈ ട്രാൻസ്ഫർ) നിയമനം നടത്തി കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 28/02/2024 തീയതിയിലെ തിരുവനന്തപുരം പി എസ് സി സെക്രട്ടറിയുടെ RIC(1) 285/2024/GW/ നമ്പർ നിയമന ശിപാർശ

**ഉത്തരവ് നമ്പർ. E6-8265/2024/PrHQ; തീയതി : 15-03-2024**

ചുവടെ ചേർക്കുന്ന ഉദ്യോഗാർത്ഥികളെ പരാമർശ പ്രകാരം ജയിൽ വകുപ്പിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്- I തസ്തികയിലേക്ക് (ബൈ ട്രാൻസ്ഫർ) കേരള പി.എസ്.സി അഡ്വൈസ് ചെയ്തിരിക്കുന്നു. പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് ജയിൽ വകുപ്പിൽ നിലവിലുള്ള അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I ഒഴിവുകളിലേക്ക് താൽക്കാലികമായി 43400-91200/- രൂപാ ശമ്പള സ്കെയിലിൽ ചുവടെ ചേർക്കുന്ന രീതിയിൽ നിയമന ഉത്തരവ് നൽകുന്നു.

| ക്രമ നമ്പർ | ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും | നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | VISHNULAL V L<br>LEKSHMI SADANAM<br>OORAMPARATHALA VENUGOPALR<br>THIRUVANANTHAPURAM,<br>VELLARADA-695505 | Central Prison,<br>Thiruvananthapuaram |
| 2 | UMESH U<br>ULLAS BHAVANAM<br>VADAKKUMBHAGOM<br>KOLLAM, CHAVARASOUTH<br>PO, 691584 | District Jail, Kollam |

മേൽ ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ മുമ്പാകെ 25/03/2024 ന് ജോലിയിൽ പ്രവേശിക്കേണ്ടതും തുടർന്ന് 03/04/2024 തീയതിയിൽ വെല്ലൂർ APCA യിൽ ആരംഭിക്കുന്ന ട്രെയിനിങ്ങിൽ നിർബന്ധമായും പങ്കെടുക്കേണ്ടതുമാണ്.

കൂടാതെ കേരള സർവീസ് റൂൾസ് പാർട്ട് 1 റൂൾ 13 അനുശാസിക്കുന്ന പ്രകാരം (ജി.ഒ(പി) 20/ 2011/ പി& എ ആർഡി,തീയതി 30.06.2011) സർക്കാർ സർവീസിലുള്ള സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്, ഏതെങ്കിലും ഗസറ്റഡ് ഓഫീസറിൽ നിന്നും ലഭ്യമാക്കിയ സ്വഭാവ സർട്ടിഫിക്കറ്റ് , കേരള പി.എസ് സിയിൽ നിന്നുള്ള ഒറ്റ തവണ പരിശോധനാ സാക്ഷ്യപത്രത്തിൻ്റെ ഒറിജിനൽ എന്നിവ ജോയിൻ ചെയ്യുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ റൂൾ 3(സി) യിലെ ജനറൽ റൂൾസിന് വിധേയമായിരിക്കും. നിയമനം താൽക്കാലികമായിരിക്കും (ക്ലാസ് (1) സബ് റൂൾ (എ) റൂൾ 9, ജനറൽ റൂൾസ് 05.03. 1974 ലെ ജി.ഒ.(പി) 49/74/പിഡി).

നിശ്ചിത തീയതിയിൽ തന്നെ ജോലിയിൽ പ്രവേശിച്ചില്ലായെങ്കിൽ മുന്നറിയിപ്പില്ലാതെ നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 1. ശ്രീ വിഷ്ണുലാൽ.വി.എൽ
2. ശ്രീ ഉമേഷ്.യു

പകർപ്പ് : 1. സൂപ്രണ്ട്
സെൻട്രൽ പ്രിസൺ ആൻ്റ് കറക്ഷണൽ ഹോം, തിരുവനന്തപുരം
ജില്ലാ ജയിൽ, കൊല്ലം (ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് കത്തിൻറെ പകർപ്പ് , ഒറ്റത്തവണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്യുന്നു.പരാമർശിച്ചിരിക്കുന്ന രേഖകൾ ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന ഒറിജിനലുമായി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും മേൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്).
2. ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ
3. ഓഫീസ് കോപ്പി

E6-8265/2024/PrHQ

fc4153